കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വളാഞ്ചേരി നഗരസഭ

## 2015-16 വർഷ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.25/241/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി -07-02-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
വളാഞ്ചേരി നഗരസഭ
സർ,

വിഷയം : വളാഞ്ചേരി നഗരസഭ - 2015-16 സാമ്പത്തിക വർഷത്തെ ( 1.11.2015 മുതൽ ) ഓഡിറ്റ് റിപ്പോർട്ട് -

സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളാഞ്ചേരി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ (1.11.2015 മുതൽ) ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)ധനകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്(ഉപരിപത്രം സഹിതം)
4) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
5)കാര്യാലയ പകർപ്പ്

നമ്പർ.കെ.എസ്.എ.എം.പി.എം.25/241/2017

തിയ്യതി 07-02-2017

മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയുടെ

2015-16 സാമ്പത്തിക വർഷത്തെ ( 1.11.2015 മുതൽ ) ധനകാര്യ പത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ (1.11.2015 മുതൽ) ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 13-6-2015 മുതൽ 7-1-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളിലേക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വി.കെ. ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9-1-2017മുതൽ 23-1-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീഷ് മാവേലി പുത്തൻ വീട്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.സി. അബ്ദുൾ ഗഫൂർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷാജഹാൻ ഖുറൈശി.എം, സീനി. ഗ്രേഡ്. ഓഡിറ്റർ |
| | ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷാഹിന മുണ്ടശ്ശേരി | 1-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീ.പി.ബി. സുഭാഷ്, പെരുമ്പറമ്പിൽ | 1-11-2015 മുതൽ 31-3-2016 വരെ |

(സി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | പേര് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ഷബീർ കെ | 1-11-2015 മുതൽ 31-3-2016 വരെ |
| വെററിനറി സർജൻ | ശ്രീ. കെ.ബി. ജിജേന്ദ്രകുമാർ | 1-11-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ, P.H.C | ഡോ. ബിനോദ്. എം.ബി. | 1-11-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം. | ഡോ. മന്ജ്ജുഷ | 1-11-2015 മുതൽ 31-3-2016 വരെ |
| I.C.D.S സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.എം. | 1-11-2015 മുതൽ 31-3-2016 വരെ |
| H.M. | ശ്രീ. സൈതലവി. | 1-11-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | അജയ് കുമാർ. വി.എസ് | 1-11-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | ബീന.എസ് | 1-11-2015 മുതൽ 31-3-2016 വരെ |
| അസി. സെക്രട്ടറി | സുധീഷ് ബാബു | 1-11-2015 മുതൽ 31-3-2016 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഭാഗം - 1 | പേജ് നമ്പർ |
|---|---|---|---|
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം. | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| | | ഭാഗം - 2 | |
| 12 | 2-1 | വിനോദനികുതി ഉയർന്ന നിരക്കിൽ ഈടാക്കിയില്ല | |
| 13 | 2-2 | ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കിയിട്ടില്ല. | |
| 14 | 2-3 | വാടക ഭീമമായ കുടിശ്ശിക- റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചില്ല | |
| 15 | 2-4 | വാടക വരവ് -അപാകതകൾ | |
| 16 | 2-5 | വിവിധ ഇനം ലേലം കുടിശ്ശിക തുക നാളിതുവരെ ഈടാക്കാത്തത് | |
| 17 | 2-6 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | |
| 18 | 2-7 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.- | |
| 19 | 2-8 | പരസ്യ നികുതി അപാകതകൾ | |
| 20 | 2-9 | ലൈസൻസ് നൽകുന്നതിലെ അപാകത | |
| 21 | 2-10 | ക്യാഷ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | |
| | | ഭാഗം - 3 | |
| 22 | 3-1 | പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ-അധിക സഹായം നൽകി | |
| 23 | 3-2 | ഗുണഭോക്തൃ സമിതി മുഖേന നിർവഹണം നടത്തുന്ന മരാമത്ത് പ്രവർത്തികൾ അപാകതകൾ | |

| | | | |
|---|---|---|---|
| 24 | 3-3 | VAT ഈടാക്കിയതിൽ കുറവ് സംബന്ധിച്ച് | |
| 25 | 3-4 | KCWWF അടവ് വിവരം ലഭ്യമല്ല | |
| 26 | 3-5 | തെരുവ് വിളക്ക് പരിപാലനം പ്രൊജക്ടുകൾ - അപാകതകൾ | |
| 7 | 3-6 | കാലഹരണപ്പെട്ട യാത്രാപ്പടി കൈപ്പറ്റിയത് തിരിച്ചടവാക്കേണ്ടതാണ് | |
| 28 | 3-7 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ് - ചെലവ് തുക തടസ്സം ചെയ്യുന്ന | |
| 29 | 3-8 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠനസഹായം- അർഹമായ നിരക്കിൽ നല്കിയില്ല | |
| 30 | 3-9 | അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി- അധിക നിരക്ക് നൽകിയത് അനുവദിക്കുന്നില്ല | |
| 31 | 3-10 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധന നടത്തുന്നില്ല | |
| 32 | 3-11 | പരിരക്ഷ പദ്ധതി - മാർഗ്ഗ രേഖ പാലിക്കാത്തത് | |
| 33 | 3-12 | മരുന്നുകൾ മുഴുവനായും ലഭ്യമാക്കാത്തത് | |
| 34 | 3-13 | ചെലവഴിക്കാത്ത തുക തിരിച്ചടവാക്കേണ്ടതാണ് | |
| 35 | 3-14 | ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയില്ല. | |
| | | ഭാഗം - 4 | |
| 36 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 37 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 38 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 39 | 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 40 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 41 | 4-6 | ഓഡിറ്റ് റിക്കവറി | |
| 42 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 43 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 44 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.3.2015 തിയതിയിലെ 1 ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന്

കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2015 | 24.10.2015 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19.1.2017, 20.1.2017 | |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

വളാഞ്ചേരി നഗരസഭ വാർഷിക കണക്ക് പരിശോധന- അപാകതകൾ

1. സ്ഥാവര ജംഗമ വസ്തുക്കളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾ പ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതി,ഡിമാന്റ് അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3.RP-4 ലെ വരവിനങ്ങൾ പരിശോധിക്കുന്നതിനാസ്പദമായ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32975896 |
| വരവ് | 47814961 |
| ആകെ | 80790857 |
| ചെലവ് | 58479475 |
| നീക്കിയിരിപ്പ്- | 22311382 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2716188 | 11199960 | 13916148 | 10078348 | 3837800 | 72.42 |
| വികസനഫണ്ട് എസ്.സി.പി. | 900388 | 5654000 | 6554388 | 3600335 | 2954053 | 54.93 |
| വികസനഫണ്ട് ടി.എസ്.പി | 0 | 14000 | 14000 | 14000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 286266 | 8332000 | 8618266 | 7643742 | 974524 | 88.69 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1618108 | 3148000 | 4766108 | 2001062 | 2765046 | 41.99 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1702819 | 1610959 | 3313778 | 3292348 | 21430 | 99.35 |
| ലോക ബാങ്ക് സഹായം | 1107830 | 0 | 1107830 | 1059678 | 48152 | 95.65 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | 1107 | 26 | 1133 | 0 | 1133 | 0 |
| ബി ഫണ്ട് | 0 | 4120645 | 4120645 | 4120645 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം 2015-16 അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 279 | 88253492 | 135 | 44748968 | 0 | 144 | 48.39 |

മൊത്തം അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ 50% ൽ താഴെ മാത്രം നടപ്പാക്കിയത് നഗരസഭയുടെ മോശം പ്രകടനമാണ് കാണിക്കുന്നത്. ഇത് വഴി സർക്കാർ ഗ്രാന്റ് നഷ്ടപ്പെടാനും ജനങ്ങൾക്ക് നൽകാനാവുന്ന സേവനങ്ങൾ നഷ്ടപ്പെടുന്നതിനും ഇടയാക്കുന്നു. ടി വിഷയത്തിൽ നഗരസഭയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 56 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4683090 | 5154911 | 471821 | 10.07 |
| നികുതിയേതര വരവുകൾ | 4872147 | 5268083 | 395936 | 8.13 |
| മറ്റുവരവുകൾ | 34990697 | 9285825 | -25704872 | -73.46 |
| ആകെ | 44545934 | 19708819 | -24837115 | -55.76 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47040 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 1537590 | 222 |
| വിധവാപെൻഷൻ | 7743280 | 1097 |
| വാർദ്ധക്യകാലപെൻഷൻ | 7706100 | 1497 |
| വികലാംഗപെൻഷൻ | 270585 | 344 |
| വിവാഹ ധന സഹായം | 240000 | 4 |
| 50 വയസ്സിനു മുകളിൽ | 289600 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.1.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12687 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ക്യാഷ് ബുക്ക് (23.11.2016 മുതൽ 7.1.2017 വരെ) സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2015 | 2015 ഒക്ടോബർ | 4.2.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.08.2012 | 2011-12 | 20.08.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിനോദനികുതി ഉയർന്ന നിരക്കിൽ ഈടാക്കിയില്ല

1-11-2015 മുതൽ വളാഞ്ചേരി ഗ്രാമ പഞ്ചായത്ത് നഗരസഭയായി ഉയർത്തിയിട്ടുള്ളതാണ്. നഗരസഭയിലെ വിനോദ നികുതി നിരക്ക് 20% ആയിരിക്കെ ഗ്രാമ പഞ്ചായത്തിന് അർഹമായ 15% നിരക്ക് ചുമത്തിയാണ് 1-11-2015 മുതൽ 4-2-16 വരെ വിനോദ നികുതി ഈടാക്കിയിട്ടുള്ളത്. ഈ ഇനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ആകെ 219458.23 രൂപ നഗരസഭക്ക് നഷ്ടമുണ്ടായിട്ടുണ്ട്.

1.ശ്രീകുമാർ (അറ്റഉക-85, 22, ഈടാക്കിയ വിനോദ നികുതി 12.78 രൂപ, ഈടാക്കേണ്ട വിനോദ നികുതി 17.05 രൂപ, നഷ്ടം ഒരു ടിക്കറ്റിൻമേൽ 4.27 രൂപ.

| കാലയളവ് | വിറ്റ ടിക്കറ്റ് നമ്പറിന്റെ വിവരം | വിറ്റ ടിക്കറ്റിന്റെ എണ്ണം | നഷ്ടം |
|---|---|---|---|
| 1-11-15 to25-12-15<br>26-12-15 to 4-2-16 | 1133 മുതൽ 10000<br>1 മുതൽ 8507 | 17375 | 74191 |

2.പവിത്ര (അറ്റഉക-85, 22 , ഈടാക്കിയ വിനോദ നികുതി 12.78 രൂപ, ഈടാക്കേണ്ട വിനോദ നികുതി17.05 രൂപ, നഷ്ടം ഒരു ടിക്കറ്റിൻമേൽ 4.27 രൂപ.

| കാലയളവ് | വിറ്റ ടിക്കറ്റ് നമ്പറിന്റെ വിവരം | വിറ്റ ടിക്കറ്റിന്റെ എണ്ണം | നഷ്ടം |
|---|---|---|---|
| 1-11-15 to22-11-15<br>23-11-15 to | 7627മുതൽ 10000<br>1മുതൽ8332 | 10706 | 45714.62 |

| | | | |
|---|---|---|---|
| 4-2-16 | | | |

3.കാർത്തിക (അറ്റതുക-76.52, ഈടാക്കിയ വിനോദ നികുതി 11.48 രൂപ, ഈടാക്കേണ്ട വിനോദ നികുതി 15.31 രൂപ, നഷ്ടം ഒരു ടിക്കറ്റിൻമേൽ 3.83 രൂപ.

| കാലയളവ് | വിറ്റ ടിക്കറ്റ് നമ്പറിന്റെ വിവരം | വിറ്റ ടിക്കറ്റിന്റെ എണ്ണം | നഷ്ടം |
|---|---|---|---|
| 1-11-15 to25-12-15<br>26-12-15 to 4-2-16 | 3317മുതൽ 10000<br>1മുതൽ7917 | 14601 | 55921.83 |

4. (a)പോപുലർ (അറ്റ തുക-67.82, ഈടാക്കിയ വിനോദ നികുതി 10.18 രൂപ, ഈടാക്കേണ്ട വിനോദ നികുതി 13.57രൂപ, നഷ്ടം ഒരു ടിക്കറ്റിൻമേൽ 3.39 രൂപ.

| കാലയളവ് | വിറ്റ ടിക്കറ്റ് നമ്പറിന്റെ വിവരം | വിറ്റ ടിക്കറ്റിന്റെ എണ്ണം | നഷ്ടം |
|---|---|---|---|
| 1-11-15 to21-1-16<br>(21-1-16 മുതൽ 4-2-16 വരെ പ്രദർശനമില്ല) | 3069 മുതൽ 5220 | 2152 | 7295.28 |

4..(b)പോപുലർ (അറ്റതുക-59,10, ഈടാക്കിയ വിനോദ നികുതി 8.9 രൂപ, ഈടാക്കേണ്ട വിനോദ നികുതി 11.82 രൂപ, നഷ്ടം ഒരു ടിക്കറ്റിൻമേൽ 2.92 രൂപ.

| കാലയളവ് | വിറ്റ ടിക്കറ്റ് നമ്പറിന്റെ വിവരം | വിറ്റ ടിക്കറ്റിന്റെ എണ്ണം | നഷ്ടം |
|---|---|---|---|
| 1-11-15 to21.1.16<br>(21-1-16 മുതൽ4-2-16 വരെ പ്രദർശനമില്ല) | 3341മുതൽ 6269 | 2929 | 8552.68 |

5.പോപുലർ പാരഡൈസ് (അറ്റതുക-76.52, ഈടാക്കിയ വിനോദ നികുതി 11.48 രൂപ, ഈടാക്കേണ്ട വിനോദ നികുതി 15.31രൂപ, നഷ്ടം ഒരു ടിക്കറ്റിൻമേൽ 3.83 രൂപ.

| കാലയളവ് | വിറ്റ ടിക്കറ്റ് നമ്പറിന്റെ വിവരം | വിറ്റ ടിക്കറ്റിന്റെ എണ്ണം | നഷ്ടം |
|---|---|---|---|
| 1-11-15 to21-1-16 | 1192 | 7254 | 27782.82 |

| | | | |
|---|---|---|---|
| (21-1-16 മുതൽ മാത്രമാണ് പുതുക്കിയ നിരക്കിൽ ഈടാക്കിയത്) | മുതൽ8445 | | |

ഈ വിഷയം കൗൺസിലിന്റെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും പരിഗണനക്ക് യഥാസമയം സമർപ്പിക്കാത്തതിനും ഉയർന്ന നിരക്കിൽ വിനോദനികുതി ഈടാക്കാത്തതിനും കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി 13/18-01-17 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. 5-2-16 മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കിയതും കൗൺസിലിന്റെയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും അംഗീകാരത്തോടെയല്ല നടപ്പാക്കിയിട്ടുള്ളത്. ആയതിനാൽ ടി തീരുമാനങ്ങളുടെ അഭാവത്തിലാണ് ഉയർന്ന നിരക്കിൽ വിനോദനികുതി ഈടാക്കാതിരുന്നതെന്ന വിശദീകരണം അംഗീകരിക്കാനാവില്ല. നഷ്ട തുക 219458.23 രൂപ ബന്ധപെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കിയിട്ടില്ല.

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2015-16 വർഷത്തിൽ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ.

| ടവർ/കെട്ടിട നമ്പർ | വിലാസം | ഈടാക്കാൻ അവശേഷിക്കുന്ന വർഷം | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) |
|---|---|---|---|
| 16/ 406 A | റിലയൻസ് ഇൻഫോ കോം | 2015-16 | 15750 |
| 9/ 620 | വി.ഡി സുദേവൻ, വയർലെസ് ടാറ്റാ ടെലി സർവീസസ് | 2015-16 | 23625 |
| ആകെ | | | 39375 |

ഇവയുടെ നികുതി വർഷങ്ങളായി ഈടാക്കിയിട്ടില്ല. പ്രസ്തുത വിഷയം മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാൻ ആവശ്യപ്പെട്ട് ഡിമാന്റ് നോട്ടീസ് അയച്ചുവെങ്കിലും, വിലാസം കൃത്യമല്ലാത്തതിനാലാണ് നാളിതു വരെ നികുതി ഈടാക്കാൻ കഴിയാത്തതെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. പ്രസ്തുത ടവറുകളുടെ നികുതി കുടിശ്ശികയുടെ വിവരം താഴ ചേർക്കുന്നു.

| ടവർ/കെട്ടിട നമ്പർ | വിലാസം | ഈടാക്കാൻ അവശേഷിക്കുന്ന വർഷങ്ങൾ | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) |
|---|---|---|---|
| 16/ 406 A | റിലയൻസ് ഇൻഫോ കോം | 2008 -09<br>2009-10<br>2010-11<br>2011-12 | 103<br>103<br>103<br>103 |

| | | | |
|---|---|---|---|
| | | 2012-13 | 103 |
| | | 2013-14<br>2014-15 | 15750<br>15750 |
| 9/ 620 | വി.ഡി സുദേവൻ, വയർലെസ് ടാറ്റാ ടെലി സർവീസസ് | 2011-12<br>2012-13 | 2722<br>2722 |
| | | 2013-14<br>2014-15 | 23625<br>23625 |
| ആകെ | | | 84709 |

2015-16 വർഷത്തെ വസ്തു നികുതി ഉൾപ്പെടെ 124084 രൂപ (39375+84709) കുടിശ്ശിക ഉണ്ടായിട്ടും നാളിതു വരെ നികുതി ഈടാക്കാൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/ 16.1.2017) മറുപടി നൽകിയിട്ടില്ല. അടിയന്തിര നടപടികൾ സ്വീകരിച്ച് വസ്തു നികുതി ഈടാക്കി വിശദ വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം 124084 രൂപ പലിശ സഹിതം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-3** വാടക ഭീമമായ കുടിശ്ശിക- റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചില്ല

പഞ്ചായത്തിന്റെ റൂമുകൾ ലേലത്തിലെടുത്ത ചുവടെ ചേർത്തിരിക്കുന്ന ലൈസൻസികൾ വാടക ഇനത്തിൽ ഭീമമായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആകെ 1528285 രൂപ 31-3-2015 ന് പിരിച്ചെടുക്കാനുണ്ടായിരുന്നതിൽ 760435 രൂപ 15-16 വർഷത്തിൽ പിരിച്ചെടുത്തത് സ്വാഗതാർഹമാണ്. എന്നാൽ ഇതിൽ 787010 രൂപ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 31-3-2016 നും ഈടാക്കാനായി അവശേഷിക്കുന്നു. ആയതിൽ നഗരസഭ സ്വീകരിച്ച നടപടികളും തൃപ്തികരമല്ല. അവസാനമായി 25-4-16 ന് തുക അടവാക്കിയിട്ടില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ സ്വികരിക്കുന്നതാണ് എന്നു കാണിച്ചുള്ള രജിസ്റ്റേഡ് നോട്ടീസിന് ശേഷം തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ലൈസൻസികൾ വാടക ഇനത്തിൽ ഭീമമായ തുക കുടിശ്ശിക വരുത്തിയിട്ടും 15-16 വർഷത്തേക്ക് ഇവർക്ക് തന്നെ മുറികൾ പുതുക്കി നൽകിയതിനും കുടിശ്ശികയുള്ള വിവരം കമ്മറ്റിയുടെ പരിഗണനക്ക് വയ്ക്കാതിരുന്നതിനുമുള്ള കാരണവും ഇത് സംബന്ധിച്ച് വല്ല വ്യവഹാരവും നിലവിലുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കാൻ രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. നിലവിലുള്ള ബൈലോ പ്രകാരം വാടക കുടിശ്ശികയുള്ളവർക്ക് തൊട്ടടുത്ത വർഷത്തേക്ക് മുറികൾ നൽകാനാവില്ല. എന്നാൽ വർഷങ്ങളായി കുടിശ്ശിക വരുത്തുന്നവർക്കും തുടർ വർഷങ്ങളിൽ മുറികൾ പുതുക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്.

| ലൈസൻസി | കുടിശ്ശിക തുക | ആകെ | മുറി |
|---|---|---|---|
| വി.പി. അയ്യപ്പൻ | 2013-14 - 37812<br>14-15 - 39708<br>15-16- 41688 | 119208 | G-35 |

| | | | |
|---|---|---|---|
| സി.കെ . അസീസ് | 2010-11 - 11910<br>11-12- 25008<br>12-13- 26256<br>13-14 - 27564<br>14-15 - 28944<br>15-16- 30396 | 150078 | F-15 |
| സെയ്താലി | 2012-13 - 13860<br>13-14 - 14556<br>14-15 - 15288<br>15-16- 16056 | 59760 | F-20 |
| അബ്ദുറഹ്മാൻ | 14-15 - 53892<br>15-16- 56592 | 110484 | F-3 |
| സി.കെ . അസീസ് | 2010-11- 16320<br>11-12- 25704<br>12-13- 26988<br>13-14- 28332<br>14-15 - 29748<br>15-16- 31236 | 158368 | F-23 |
| കെ.ബി. അബ്ദുറഹ്മാൻ ഹാജി | 14-15 - 28944<br>15-16- 30396 | 59340 | F-38 |

| | | | |
|---|---|---|---|
| ഷംസുദ്ദീൻ | 2011-12 -21768<br>12-13 -34284<br>13-14 - 36000<br>14-15 - 37800 | 129852 | SLBFF2- |
| ആകെ | | 787090 | |
| കുടിശ്ശിക ഈടാക്കാത്തതിനാൽ തുക കാലഹരണപ്പെടുന്ന പക്ഷം ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതും നഷ്ട തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണെന്ന് അറിയിക്കുന്നു. ടി വിഷയത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | | | |

## 2-4 വാടക വരവ് -അപാകതകൾ

നഗരസഭയുടെ കൈവശത്തിലുള്ള മുറികളുടെ വാടക വരവ് പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

(1) F-36, S-11, S-16 എന്നീ മുറികൾ ഓഡിറ്റ് വർഷത്തിൽ ഒഴിഞ്ഞുകിടക്കുന്നു. ടി മുറികൾ ലൈസൻസികളെ ഏൽപ്പിച്ച് നൽകുന്നതിനായി ഓഡിറ്റ് വർഷത്തിൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല .

(2) S-1 മുറി കാലങ്ങളായി ട്രഷറിക്കായി വാടകക്ക് നൽകി കാണുന്നുവെങ്കിലും വാടക ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

(3) ആകെ 124 മുറികളിൽ 120 എണ്ണം വാടകക്ക് നൽകുന്നുണ്ടെങ്കിലും F-18, F-22 എന്നീ മുറികളുടെ ലൈസൻസികൾ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. മറ്റുള്ള ലൈസൻസികളുമായി എഗ്രിമെന്റ് ചമക്കാത്തതിന് കാരണം വ്യക്തമല്ല.

അപാകതകൾ 1,2,3 എന്നിവക്ക് സാധൂകരിക്കത്തക്ക തീരുമാനങ്ങളോ ഉത്തരവുകളോ ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(A) F-36, S-11, S-16 എന്നീ മുറികൾ നിലവിൽ വാടകക്ക് നൽകുന്നുണ്ടെങ്കിൽ എന്നു മുതലാണ് വാടകക്ക് നൽകുന്നത് ? വാടക എത്ര ? എത്രകാലം ഒഴിഞ്ഞു കിടന്നു ?

(B) S-1 മുറിക്ക് വാടക നിശ്ചയിച്ച് കുടിശ്ശിക അടക്കം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(C) മുഴുവൻ എഗ്രിമെന്റുകളും തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.
അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 13/18-01-17 പ്രകാരം വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. ഖണ്ഡികയിൽ പരാമർശിച്ച മുഴുവൻ അപാകതകളും പരിഹരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിശദ വിവരങ്ങൾ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ട്രഷറിക്ക് അനുവദിച്ച മുറികളുടെ വാടക മുൻകാല പ്രാബല്യത്തിൽ നിജപ്പെടുത്തി വാടക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-5 വിവിധ ഇനം ലേലം കുടിശ്ശിക തുക നാളിതുവരെ ഈടാക്കാത്തത്

ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങളിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന തുകകൾ ഓഡിറ്റ് തിയ്യതി വരെയും ഈടാക്കിയിട്ടില്ല. തുക ഈടാക്കാൻ സ്വീകരിച്ച നടപടികളും, ടി വിഷയങ്ങളിൽ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും കോടതിയിൽ കേസ് വല്ലതും നിലവിലുണ്ടെങ്കിൽ ആയതിന്റെ വിവരവും രേഖാമൂലം അറിയിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല.

| ഇനം | കുടിശ്ശിക തുക | കുടിശ്ശിക ഏത് വർഷത്തേത് |
|---|---|---|
| ബസ് സ്റ്റാന്റ് | 51179 | 2014-15 |
| ദിവസ ചന്ത | 11550 | 2012-13 |
| ആഴ്ച ചന്ത | 12200 | 2012-13 |
| ക്ളോക്ക് റൂം | 114000 | 2012-13 |
| പരസ്യ നികുതി | 12200 | 2012-13 |
| ക്ലോസ്ഡ് സർക്യൂട്ട് ടി.വി | 18000 | 2012-13 |
| ആകെ | 219129 | |

സമയോചിത നടപടികൾ സ്വീകരിക്കാത്ത പക്ഷം നഗരസഭക്ക് കിട്ടേണ്ട വരവ് തുകകൾ നഷ്ടപ്പെടുന്നതിന് ഇടയാക്കുമെന്നും ആയതിന് സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതുമാണ്. മേൽ വരവ് തുകകൾ ഈടാക്കി വിവരം ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതുമാണ്. വീഴ്ചയുണ്ടായാൽ നിലവിലെ സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയായി നിർണ്ണയിച്ച് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 2-6 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

മുനിസിപ്പാലിറ്റിയിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ താഴെ സൂചിപ്പിക്കുന്ന കരാറുകാർ 2015-16 വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. പ്രസ്തുത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി അടവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/16.1.2017) മറുപടി നൽകിയിട്ടില്ല. നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം 28750 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ ചാർജ് നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

| കരാറുകാർ | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|
| 1. എം. അബ്ദുൾ കരീം, കാടാമ്പുഴ | 1250 |
| 2. കെ. അബ്ദുൾ മജീദ്, തൊഴുവണ്ണൂർ | 1250 |
| 3. ടി.കെ. മൊയ്തീൻ, ആതവനാട് | 1250 |
| 4. കെ. കൃഷ്ണൻ കുട്ടി, കോട്ടക്കൽ | 1250 |
| 5. എൻ.പി. മനോമോഹനൻ, ഇരിമ്പിളിയം | 1250 |
| 6. എം. മുഹമ്മദ്, വലിയകുന്ന് | 1250 |
| 7. കെ. ചേക്കുഹാജി, മക്കരപ്പറമ്പ് | 1250 |
| 8. എം.നിഷാദ്, വലിയകുന്ന് | 1250 |

| | |
|---|---|
| 9. ടികെ. ഹുസൈൻ, ആതവനാട് | 1250 |
| 10. കെ. അലി, എടയൂർ | 1250 |
| 11 ടി. ഷഹരിയാദ്, വളാഞ്ചേരി | 1250 |
| 12. ടി.കെ. അബ്ദുൾ ഖാദർ, വളാഞ്ചേരി | 1250 |
| 13. ടി. നൗഷാദ്, പാറമ്മൽ അങ്ങാടി | 1250 |
| 14. പി.പി. മുഹമ്മദ് ബഷീർ, കരിപ്പോൾ | 1250 |
| 15. കെ.അലവിക്കുട്ടി, ആതവനാട് | 1250 |
| 16. മുഹമ്മദ് നിയാസ്, കൽപ്പകഞ്ചേരി | 1250 |
| 17. കെ. ഷറഫുദ്ദീൻ, എടയൂർ | 1250 |
| 18. എ. നൗഷാദ്, മാറാക്കര | 1250 |
| 19. ടി.കെ. ആബിദലി, വളാഞ്ചേരി | 1250 |
| 20. വി.രാജകുമാരൻ, കുറ്റിപ്പുറം | 1250 |
| 21. ടി.എം. മൊയ്തീൻ കുട്ടി, തൊഴുവണ്ണൂർ | 1250 |
| 22. കെ.പി. കുഞ്ഞുണ്ണി, എടയൂർ | 1250 |
| 23. കെ.സദാനന്ദൻ, തൊഴുവണ്ണൂർ | 1250 |
| ആകെ- 23 x 1250 = | 28750 |

## 2-7 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.-

ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/16.1.2017) മറുപടി നൽകിയിട്ടില്ല. നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം 10,000 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ ചാർജ് നടപടിക്ക് ശുപാർശ ചെയ്യുന്നു.

| സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട നികുതി |
|---|---|---|
| പോപ്പുലർ മൂവീസ് | 2015-16 രണ്ടാം അർദ്ധ വർഷം | 1250 |
| യോഗക്ഷേമം ലോൺസ് | 2015-16 രണ്ടാം അർദ്ധ വർഷം | 1250 |
| മുത്തൂറ്റ് ഫിനാൻസ് കോർപ്പ് | 2015-16 രണ്ടാം അർദ്ധ വർഷം | 1250 |

| | | |
|---|---|---|
| സൗത്ത് ഇന്ത്യൻ ബാങ്ക്, വളാഞ്ചേരി | 2015-16 രണ്ടാം അർദ്ധ വർഷം | 1250 |
| ശ്രീ ഗോകുലം ചിട്സ് ആന്റ് ഫിനാൻസ്, | 2015-16 രണ്ടാം അർദ്ധ വർഷം | 1250 |
| ബി.എഫ്.സി. ഫോറെക്സ് ആന്റ് ഫിനാൻഷ്യൽ സർവ്വീസ് | 2015-16 രണ്ടാം അർദ്ധ വർഷം | 1250 |
| മുത്തൂറ്റ് ഫിനാൻസ് ലി., വളാഞ്ചേരി | 2015-16 രണ്ടാം അർദ്ധ വർഷം | 1250 |
| രാധാകൃഷ്ണാ ഫിനാൻസ് ലി., വളാഞ്ചേരി | 2015-16 രണ്ടാം അർദ്ധ വർഷം | 1250 |
| ആകെ | | 10000 |

## 2-8 <u>പരസ്യ നികുതി അപാകതകൾ</u>

വളാഞ്ചേരി നഗരസഭ പഞ്ചായത്ത് ആയിരുന്ന സമയത്ത് നിയമാനുസൃതം അംഗീകരിച്ച കിട്ടിയ ബൈ ലോ അടിസ്ഥാനത്തിലാണ് നഗരസഭ പരസ്യ നികുതി ഈടാക്കി വരുന്നത് . നിലവിൽ ടി ബൈ ലോ അടിസ്ഥാനത്തിലാണങ്കിലും നികുതി ഈടാക്കുന്നതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1 ബൈ ലോ കാലികമായി പരിഷ്കരിച്ച് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല. പരസ്യനികുതി നിരക്ക് ബൈ ലോയിൽ ചേർത്തിട്ടില്ല.

2. പരസ്യ നികുതി പിരിക്കുന്നത് ലേല നടപടികളിലൂടെയാണ്, എന്നാൽ ഏതൊക്കെ പരസ്യങ്ങളാണ് പതിക്കുന്നതെന്നോ ആയതിന് ലേലം പിടിച്ചയാൾ വാങ്ങിയ പരസ്യ നികുതി എത്രയാണെന്നോ നഗരസഭയെ അറിയിക്കുകയോ ആയതിന് നഗരസഭയോ സെക്രട്ടറിയുടെയോ അനുമതി നൽകുകയോ ചെയ്യാറില്ല.

3.ലേല നടപടികളിലൂടെ പരസ്യ നികുതി പിരിക്കാനുള്ള അവകാശം ഏൽപ്പിച്ച നൽകുമ്പോൾ ഓരോ തരത്തിലുമുള്ള പരസ്യങ്ങൾക്ക് നിശ്ചിത നിരക്കിൽ പരസ്യ നികുതി ഈടാക്കാൻ ചുമതലപെടുത്തുന്നില്ല പകരം ലേലക്കാരൻ യഥേഷ്ടം പിരിക്കുന്നതായാണ് കാണുന്നത്

4.നഗരസഭ പ്രദേശത്ത് ഓരോ വർഷത്തിലും എത്ര പരസ്യങ്ങൾ പതിക്കാറുണ്ടന്നും ആയതിന് പരസ്യ നികുതി ഇനത്തിൽ എത്ര വരവുണ്ടാകുമെന്ന് പരിശോധന നടത്താതെയും, മുൻ വർഷത്തെ നികുതി കണക്കിലെടുത്ത് ആയതിന് നേരിയ വർദ്ധനവ് മാത്രം പ്രതീക്ഷിച്ച് ലേല നടപടികളിലൂടെ പരസ്യ നികുതി പിരിക്കാനുള്ള അവകാശം ഏൽപ്പിച്ച നൽകുകയാണ് ചെയ്തു പോരുന്നത്.

5.തിയ്യേറ്ററിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നേരിട്ട് പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം ബൈ ലോ യി ലൂടെ ലഭിച്ചിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ വർഷങ്ങളായി യാതൊരു നികുതിയും ഈടാക്കുന്നില്ല.

6.ഓഡിറ്റ് വർഷമടക്കമുള്ള മൂന്ന് വർഷങ്ങളിൽ ഈ ഇനത്തിലെ പിരിവ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്

| വർഷം | ഡിമാന്റ് | പിരിവ് | ബാലൻസ് | വിശകലനം |
|---|---|---|---|---|
| 2013-14 | 17000 | 17000 | - | |
| 2014-15 | 17500 | 17500 | - | മുൻ വർഷത്തെ അപേക്ഷിച്ച് 3 % ന്റെ വർദ്ധനവ് |
| 2015-16 | 20100 | 20100 | - | മുൻ വർഷത്തെ അപേക്ഷിച്ച് 15%ന്റെ വർദ്ധനവ് |

വളാഞ്ചേരിപോലുള്ള പ്രദേശത്തുകൂടി കടന്നുപോകുന്ന എതൊരാൾക്കും സ്ഥാപിക്കപെട്ട പരസ്യങ്ങളുടെ തരവും എണ്ണവും വ്യക്തമാവുന്നതാണ് ആയത് പരിഗണിക്കുമ്പോൾ ഈ ഇനത്തിലെ വരവ് തുച്ഛമാണ്. ആയതിന് അപാകത 4 മാത്രമാണ് കാരണമെന്ന് വ്ക്തമാണ്.

2012-13 വർഷത്തിൽ ഈ ഇനത്തിൽ ലേലക്കാരൻ അടവാക്കേണ്ട 12200 രൂപ നാളിതുവരെ ഈടാക്കിയിട്ടില്ല. തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ , ഇത് സംബന്ധിച്ച് വല്ല കേസുമുണ്ടെങ്കിൽ ടി വിവരം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി (13/18-01-2013പ്രകാരം) ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും നൽകിയില്ല.

7. പരസ്യങ്ങൾ നൽകുമ്പോൾ വൃക്ഷങ്ങൾക്ക് നാശം ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുകയോ അത്തരം പരസ്യങ്ങൽ പരസ്യക്കാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്യുകയോ ഉണ്ടായിട്ടില്ല.

8.നഗരസഭയിലൂടെ കടന്നു പോകുന്ന പബ്ളിക്ക് സർവ്വീസ് വാഹനങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങൾക്ക് അനുമതി നൽകുകയോ ആയതിന് പരസ്യനികുതി ഈടാക്കിയിട്ടില്ല.

9.ക്ളീൻ കേരള പദ്ധതി പ്രകാരം ,ടി കമ്പനി മുഖേന നടത്തുന്ന പരസ്യങ്ങൾക്ക് യാതൊരു വിധ പരസ്യ നികുതിയും ഈടാക്കിയിട്ടില്ല.

## 2-9 ലൈസൻസ് നൽകുന്നതിലെ അപാകത

മുൻസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഓരോ വർഷവും അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് മാത്രം ലൈസൻസ് ഫീ ഈടാക്കി വരുന്ന പ്രവണതയാണ് കാണുന്നത്. മുൻസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തുകയോ, അനധികൃത വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്യാത്തതിനാൽ വർഷങ്ങളായി തനത് വരുമാനത്തിൽ ഗണ്യമായ നഷ്ടം സംഭവിക്കുന്നു. മുൻസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യറാക്കി, ലിസ്റ്റിലെ ക്രമ നമ്പറിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് സ്ഥിര നമ്പർ നൽകേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ അതേ നമ്പറിൽ തന്നെ ലൈസൻസ് അനുവദിക്കേണ്ടതുമാണ്. ലൈസൻസ് അനുവദിച്ച വിവരം ട്രേഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ ലൈസൻസ് പുതുക്കുമ്പോൾ അതേ രജിസ്റ്ററിൽ തന്നെ വിവരം രേഖപ്പെടുത്തേണ്ടതുമാണ്. പുതിയ സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ കൂട്ടിച്ചേർക്കേണ്ടതും, നിർത്തലാക്കിയ സ്ഥാപനങ്ങളുടെ വിവരം ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം മുൻസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടതാണ്.

## 2-10 ക്യാഷ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

പരിശോധനക്ക് ഹാജറാക്കിയ സ്ഥാപനത്തിന്റെ ക്യാഷ് ബുക്ക് (23.11.2016 മുതൽ 7.1.2017 വരെ) സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രസീതി വരവ്, പണമടവ്, രസീതികൾ ക്യാൻസൽ ചെയ്യുന്നത് തുടങ്ങിയ സാമ്പത്തിക ഇടപാടുകൾ അതാത് ദിവസം തന്നെ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും ഓഡിറ്റ് വേളയിൽ ഓഡിറ്റിനെ ബോധിപ്പിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ-അധിക സഹായം നൽകി

പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനായി ഗുണഭോക്താക്കൾ സ്വന്തം നിലക്ക് സ്ഥലം രജിസ്റ്റർ ചെയ്ത് വാങ്ങിയതിന് 1.5ലക്ഷം രൂപ നിരക്കിൽ 10ഗുണഭോക്താക്കൾക്കായി മൊത്തം15 ലക്ഷം രൂപ ബിൽ നമ്പർ 5/31-3-16പ്രകാരം ചെലവഴിച്ചിട്ടുണ്ട് . ഗുണഭോക്താക്കൾക്കെല്ലാം വാങ്ങിയ സ്ഥലത്തിന്റെ വിസ്തൃതി പരിഗണിക്കാതെ പരമാവധി സബ്സിഡി തുകയായ 1.5ലക്ഷം രൂപ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്, 12 ാം പദ്ധതി മാർഗ്ഗരേഖ GO(MS) 362/13 LSGD, GO(MS)248/12 തസ്വഭവഎന്നിവ പ്രകാരം സബ്സിഡി തുകയുടെ പരിധിയിൽ കൂടാതെ നിശ്ചയിക്കപ്പെട്ട വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിയാൽ മിനിമം സ്ഥലത്തിനുള്ള വില നിജപെടുത്തി സബ്സിഡി തുക നിജപെടുത്താൻ നിഷ്കർഷിച്ചിട്ടുണ്ട്, ആയത് പഞ്ചായത്ത് പ്രദേശങ്ങളിൽ 3 സെന്റ് ആയതിനാൽ ടി വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിയ ചുവടെ ചേർത്തിരിക്കുന്ന രണ്ട് പേർക്ക്1.5ലക്ഷം രൂപ അനുവദിച്ചത് വഴി അധിക ചെലവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാങ്ങിയസ്ഥലം | വാങ്ങിയസ്ഥലത്തിന് നൽകിയ വില (ആധാരത്തിലെ വില) | നൽകിയധന സഹായം | അർഹമായ ധനസഹായം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ജിഷ W/oഅനിൽകുമാർ | 3.46 cent | 1.5 ലക്ഷം | 1.5ലക്ഷം | 130058 | 19942 |
| 2 | അനിതW/o ബാലകൃഷ്ണൻ | 3.46 cent | 1.5 ലക്ഷം | 1.5ലക്ഷം | 130058 | 19942 |

മേൽ അധിക ചെലവിന് സാധൂകരണം നൽകത്തക്ക ഉത്തരവോ അനുമതിയോ ഹാജരാക്കാത്ത പക്ഷം ആയത് വ്യക്തമായ നഷ്ടത്തിലുൾപെടുത്തുന്നതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/18-01-2017ന് ) മറുപടി ഹാജരാക്കിയില്ല.അധിക തുക 39884/- രൂപ വ്യക്തമായ നഷ്ടത്തിൽ ഉൾപ്പെടുത്തുന്നു. ആയത് ബന്ധപെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികൾ അപാകതകൾ

1. പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ

വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ , ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം മേൽ ചട്ടത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത്നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിലൊന്നും ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.

2.പ്രവർത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും , കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവർത്തികളിൽ മാത്രമാണ് ഇത്തരത്തിലുള്ള അക്കൗണ്ട് തുടങ്ങിയിട്ടുള്ളൂ. സംയുക്ത അക്കൗണ്ട് ആരംഭിച്ച് കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.

3.പ്രവർത്തിക്കുവേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം,അച്ചന്റെ പേര് , ഹാജർ വിവരം , വേതന നിരക്ക്, വേതനം എന്നീ വിവരങ്ങൾ ചേർക്കണമെന്ന് നിഷക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളുകളിലൊന്നും തന്നെ മുഴുവൻ വിവരങ്ങളൊന്നും ചേർത്തിട്ടില്ല .ചില മസ്റ്റർ റോളിൽ ഒപ്പ് പോലും വച്ചിട്ടില്ല.(ഉദാ:-താഴത്തങ്ങാടി ചക്കും തൊടി റോഡ്,നിസ്കാരപള്ളി എടയൂർ അതിർത്തി റോഡ്)

4.പ്രവർത്തിക്ക് ആവശ്യമായ എല്ലാ നിർമാണ സാധനങ്ങളും ഗുണ .സമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങേണ്ടതും ക്യാഷ് ബില്ലും രശീതിയും വാങ്ങിക്കേണ്ടതും ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്.സിമന്റ്. കമ്പി, സ്റ്റീൽ എന്നീ എന്നിവ അംഗീകൃത ഡീലറിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ.എന്നാൽ സിമന്റ് കോൺക്രീറ്റിന് വേണ്ടി വാങ്ങിയ ചില ബില്ലുകൾ ഫോറം 8 B പ്രകാരമുള്ളത് അല്ല.(ഉദാ:-താഴത്തങ്ങാടി ചക്കും തൊടി റോഡ്,താഴത്തങ്ങാടി കുത്തംപള്ളി റോഡ്)

5.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.എന്നാൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നതായി കാണുന്നില്ല.

## 3-3 VAT ഈടാക്കിയതിൽ കുറവ് സംബന്ധിച്ച്

പടിഞ്ഞാക്കര താണിക്കുളമ്പ് റോഡ് സൈഡ് കെട്ടൽ എന്ന പ്രവർത്തിയുടെ ബില്ലിൽ നിന്നും 4%VAT ഈടാക്കേണ്ടതിന് പകരം 3% ഈടാക്കിയതിനാൽ താഴെ പറയും പ്രകാരം കുറവ് സംഭവിട്ടിട്ടുണ്ട്.

വൗച്ചർ നം.3/6-15

ആകെ മൂല്യ നിർണ്ണയം - 99900

ഈടാക്കേണ്ടത് 4% -3996

ഈടാക്കിയത് 3% - 2997

കുറവ് - 999

കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 3-4 KCWWF അടവ് വിവരം ലഭ്യമല്ല

മുനിസിപ്പൽ എഞ്ചിനീയർ 2015-16-ൽ 155 പ്രവർത്തികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ടി പ്രവൃത്തികളിൽ നിന്നെല്ലാം കൂടി നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതമായി 330703 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈടാക്കിയ തുക നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടവാക്കിയതിന്റെ രസീതി ലഭ്യമല്ല. അസി.എഞ്ചിനീയറുടെ 7.6.2016 -ലെ LSGD/AE /VLY/001 കത്ത് പ്രകാരം വിവിധ ഡിമാന്റ് ഡ്രാഫ്റ്റുകളായി 256097 രൂപ അയക്കുന്നതായുള്ള കത്ത് മാത്രമാണ് ഫയലിൽ ഉള്ളത്. ബാക്കി 74606 രൂപ അടവാക്കിയതിന്റെയും ,അടവാക്കിയ 256097 കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 17/19.1.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 തെരുവ് വിളക്ക് പരിപാലനം പ്രൊജക്ടുകൾ - അപാകതകൾ

(എ) 2014-15 വർഷത്തിൽ S025/15-ാം നമ്പർ ആംഗീകാരം നേടിയ തെരുവ് വിളക്ക് പരിപാലനം എന്ന പ്രൊജക്ടിനായി കുറഞ്ഞ നിരക്കിൽ സമർപ്പിച്ച ശ്രീ. ഷംസുദ്ദീൻ, പിലാക്കോളിൽ ടെണ്ടർ എന്നയാളുടെ ടെണ്ടർ 15-10-2014 ലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് കരാർ വെച്ചിരുന്നു.

2 X 40W ഡബിൾ ട്യൂബ് ലൈറ്റിന് 800 രൂപ, 1X40W സിങ്കിൾ ട്യൂബ് ലൈറ്റിന് 700 രൂപ എന്നിങ്ങനെയാണ് അംഗീകരിച്ച ടെണ്ടർ നിരക്ക്.

31-10-2015 വരെയായിരുന്നു കരാർ കാലാവധി. ആയത് ഉഭയ സമ്മത പ്രകാരം ദീർഘിപ്പിക്കാവുന്നതാണെന്നും കരാറിൽ വ്യക്തമാക്കിയിരുന്നു.

താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം കരാറുകാരന് തുകകൾ കൈമാറിയിട്ടുണ്ട്.

| വൗച്ചർ നം. | തുക |
|---|---|
| 65/18-06-2015 | 1,75,000 |
| 64/ 28-11-2015 | 1,75,000 |
| 105/21-01-2016 | 1,68,000 |

(2014-15,15-16വർഷങ്ങളിലായി മൊത്തം ചെലവ് ചെയ്ത 7,00,000രൂപയുടെ IT 1% (7,000) രൂപ കുറവ് ചെയ്ത ശേഷമാണ് 1,68,000 രൂപ 21-01-2016ന് നൽകിയിട്ടുള്ളത്.)

പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു :

1. ഓരോ സ്ഥാപനവും സൂക്ഷിക്കേണ്ട തെരുവ് വിളക്കുകളുടെ ഇനം, വാട്ട്,സ്ഥാനം എന്നിവ വിശദമാക്കുന്ന റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള പരാതി റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. കരാർ പ്രകാരം, റിപ്പയർ ചെയ്യുന്ന ഓരോ വിളക്കുകൾക്കുമുള്ള വിലയാണ് നൽകേണ്ടത്, എന്നാൽ നിശ്ചിത കാലയളവുകളിൽ, വാല്യേഷൻ നടത്താതെ 1,75,000 രൂപയുടെ മൂന്ന് ഗഡുക്കളായി നൽകുകയാണ് ചെയ്തത്. 1,75,000 രൂപ ചെലവ് ചെയ്ത് റിപ്പയർ ചെയ്യേണ്ട അത്ര തെരുവ് വിളക്കുകൾ കൃത്യമായ കാലയളവിൽ കേട്ടുവരുന്നു എന്നത് യുക്തിസഹമല്ല.
4. കരാറുകാരൻ വാങ്ങിയ സാധനങ്ങളുടെ ഒറിജിനൽ ബിൽ ഹാജരാക്കാത്തതിനാൽ 5% VAT കൂടി ഈടാക്കേണ്ടതാണ്. അത് ഈടാക്കിയിട്ടില്ല.

5. 6-12-2015 ലെ 1(7)-ാം നമ്പർ തീരുമാന പ്രകാരം "ഇലക്ട്രിസിറ്റി അധികാരികളുടെ കൂടി സഹായത്തോടെ വിവരങ്ങൾ ശേഖരിച്ച് കൃസുമായി കരാർ വെക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നത് പരിഗണിച്ച്, നിലവിൽ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് മുനിസിപ്പാലിറ്റിയുമായി കരാർ വെച്ചിട്ടുള്ള ശ്രീ. ഷംസുദ്ദീൻ, പിലാക്കോളിൽ എന്നയാളുടെ കാലാവധി 01-01-2016 മുതൽ 31-03-2016 വരെ മൂന്ന മാസത്തേക്ക് കൂടി നീട്ടി നൽകി" എന്ന് തീരുമാനിച്ചു. ഇതേ കാരണം രേഖപ്പെടുത്തി 01-04-2016 മുതൽ മൂന്ന മാസത്തേക്ക് കൂടി നീട്ടി നൽകുന്നതിന്

29-03-2016 ൽ തീരുമാനിച്ചു. ഇത് ക്രമപ്രകാരമല്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് 5,25,000 രൂപ ചെലവഴിച്ചിട്ടുള്ളത്.

(ബി) 2015-16വർഷം S14/16 -ാം നമ്പർ പ്രകാരം സ്ട്രീറ്റ് ലൈറ്റ് പരിപാലനം എന്ന പുതിയ പ്രൊജക്ടിനായി വൗച്ചർ നം. 267/31-03-2016 പ്രകാരം 1,75,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്ടിനായി ടെണ്ടർ ക്ഷണിക്കുകയോ, കരാർ വെയ്ക്കുകയോ ചെയ്യാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

നടപടി ക്രമങ്ങൾ പാലിക്കാതെ ചെലവഴിച്ച 7,00,000 രൂപ (5,25,000+ 1,75,000) തടസ്സം ചെയ്യുന്നു.

## 3-6 കാലഹരണപ്പെട്ട യാത്രാപ്പടി കൈപ്പറ്റിയത് തിരിച്ചടവാക്കേണ്ടതാണ്

കേരള ഫിനാൻഷ്യൽ കോഡ് Art.56(d) പ്രകാരം യാത്രപ്പടി ഡ്യൂ ആയത് മുതൽ രണ്ട് വർഷം വരെ ബന്ധപ്പെട്ട അക്കൗണ്ടിൽ നിന്നും പിൻവലിക്കാവുന്നതും, രണ്ട് വർഷം കഴിഞ്ഞാൽ ആയത് കാലഹരണപ്പെടുന്നതുമാണ്.

എന്നാൽ മുൻ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ടി.പി. അബ്ദുൽ ഗഫൂർ

66/19-02-2016നമ്പർ വൗച്ചർ പ്രകാരം 04/2013 മുതൽ 12/2013 വരെയുള്ള കാലയളവിലെ കാലഹരണപ്പെട്ട യാത്രപ്പടി 3800/- രൂപ കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| മാസം/ വർഷം | യാത്രപ്പടി തുക | കാലഹരണപ്പെട്ട തിയ്യതി |
|---|---|---|
| 04/2013 | 700 | 30.04.2015 |
| 05/2013 | 200 | 31.05.2015 |
| 06/2013 | 100 | 30.06.2015 |
| 07/2013 | 300 | 31.07.2015 |
| 08/2013 | 400 | 31.08.2015 |
| 09/2013 | 400 | 30.09.2015 |
| 10/2013 | 600 | 31.10.2015 |
| 11/2013 | 600 | 30.11.2015 |
| 12/2013 | 500 | 31.12.2015 |
| ആകെ | 3,800 | |

അനർഹമായി യാത്രാപ്പടിയിനത്തിൽ കൈപ്പറ്റിയ 3,800രൂപ തിരിച്ചടവാക്കേണ്ടതാണ്

## 3-7 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ് - ചെലവ് തുക തടസ്സം ചെയ്യുന്നു

വിവിധ സ്ഥാപനങ്ങളിൽ/ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന തുകകളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 39,12,402 തടസ്സം ചെയ്യുന്നു.

| ക്രമ നം | ഫണ്ട് ഇനം | പ്രവൃത്തി/ പ്രൊജക്റ്റ് നം. | വൗച്ചർ / ഡി.ഡി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് (ജനറൽ) | SSA വിഹിതം അടവാക്കൽ S015/16 | 84/14-03-16 | 12,60,000 | SSA മലപ്പുറം ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകിയത് |
| 2 | പ്ലാൻ ഫണ്ട് (ജനറൽ) | IAY വിഹിതം അടവാക്കൽ S010/16 | 83/14-03-16 | 2,40,000 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയത് |
| 3 | പ്ലാൻ ഫണ്ട് (SCP) | IAY വിഹിതം അടവാക്കൽ S040/16 | 65/08-03-16 | 3,60,000 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയത് |
| 4 | പ്ലാൻ ഫണ്ട് (ജനറൽ) | IKMന് വിഹിതം നൽകൽ S0317/16 | 262/30-03-16 | 52,402 | എക്സി. ഡയറക്ടർ, IKMന് നൽകിയത് |
| 5 | ധനകാര്യ കമ്മീഷൻ അവാർഡ് | KWA പൈപ്പ് ലൈൻ നീട്ടൽ S004/16 | 269/31-03-16 | 20,00,000 | KWA യിൽ ഡെപ്പോസിറ്റ് |

ആകെ - 39,12,402

## 3-8 ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠനസഹായം- അർഹമായ നിരക്കിൽ നല്കിയില്ല

പ്രോജക്റ്റ് : ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠനസഹായം

നം. : S009/16

അടങ്കൽ - 10,00,000

നിർവ്വഹണം - സെക്രട്ടറി

ബിൽ നം. : 11/30-03-2016 തുക: 2,67,000/-

16.11.2013ലെ ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 5.8 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയുടെ അടിക്കുറിപ്പ് (1)പ്രകാരം പ്രോജക്റ്റിനുള്ള ഫണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25അനുപാതത്തിൽ വഹിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത (പ്രതിമാസ സ്കോളർഷിപ്പിനു പുറമെ) |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽപോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 19,000 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 20,000രൂപയ്ക്കും അർഹതയുണ്ട്.

2015-16 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്റ്റ് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുകയുടെ വിവരണം താഴെ കൊടുക്കുന്നു :

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം |
|---|---|---|---|---|
| 1-4/ നഴ്സറി ക്ലാസ്സ് | 3 | 5,300 X 3 = 15,900 | 2,400 X 3 = 7,200 | 8,700 |
| 9,10,+1,+2 | 3 | 8,000 X 3 = 24,000 | 3,600 X 3 = 10,800 | 13,200 |

| | | | | |
|---|---|---|---|---|
| ബിരുദം | 5 | 10,600 X 5 = 53,000 | 4,800 X 5 = 24,000 | 29,000 |
| ബിരുദാനന്തര ബിരുദം | 2 | 13,500 X 2 = 27,000 | 6,000 X 2 = 12,000 | 15,000 |
| മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ | 30 | 20,000 X 30 = 6,00,000 | 7,100 X 30 = 2,13,000 | 3,87,000 |
| ആകെ | | | | 4,52,900 |

പ്രോജക്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് നിർദ്ദിഷ്ട അനുപാതത്തിൽ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ഉചിതമായില്ല. സർക്കാർ ഉത്തരവനുസരിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 2015-16 വർഷങ്ങളിൽ 4,52,900 രൂപയുടെ ധനസഹായം നഷ്ടപ്പെട്ടിട്ടുണ്ട്. ലഭ്യമാക്കിയ മറുപടിയിൽ, ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമായത് 2016-17ലാണ് എന്നും, ആയത് ഉൾപ്പെടുത്തി ടി പ്രൊജക്ട് സ്പിൽ ഓവറായി നിലനിർത്തുകയും, ലഭ്യമായ 455165/-രൂപയിൽ 252800/-രൂപ വിതരണം ചെയ്ത് 202365/-രൂപ തിരികെ അടവാക്കി എന്നുമാണ് അറിയിച്ചത്. 200100രൂപ കൂടി ഗുണഭോക്താക്കൾക്ക് നൽകാനവശേഷിക്കേ, 202365/-രൂപ തിരിച്ചടവാക്കിയത് ക്രമത്തിലല്ല

ഗുരുതരമായ ഈ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി- അധിക നിരക്ക് നൽകിയത് അനുവദിക്കുന്നില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട് നം. S037/16 - അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി മുഖേനെ മുനിസിപ്പാലിറ്റിയിലെ അംഗൻവാടികളിൽ പോഷകാഹാരം വിതരണം ചെയ്തിട്ടുണ്ട്. വളാഞ്ചേരി സർവ്വീസ് കോ - ഓപറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ നിന്നാണ് ഭക്ഷണ സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

അംഗൻവാടികൾ മുഖേന നടപ്പാക്കുന്ന പോഷകാഹാര പ്രോജക്ടുകൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ്, റേഷൻ കടകൾ, കുടുംബശ്രീ യൂണിറ്റുകൾ, നീതി / സഹകരണ സ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിന് സർക്കുലർ നം. 31956/2008 /ഡി.ബി.2/ തസ്വഭവ തിയതി : 14.05.2008, സർക്കുലർ നം. 62393/ഡി.ബി.2/10/തസ്വഭവ തിയതി : 18.11.2010 എന്നിവ മുഖേന അനുമതി നൽകിയിട്ടുണ്ട്. എന്നാൽ, സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി / സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർമാർക്കറ്റിൽ നിന്നോ ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ പാടുള്ളൂ എന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും സർക്കുലർ നം. 54814/ഡി.സി.2/2010/തസ്വഭവ തിയതി: 04.05.2011 മുഖേന നിർദ്ദേശം നൽകിയിരുന്നു.

തുടർന്ന്, സാമൂഹ്യ ക്ഷേമ ഡയറക്ടർ 12.07.2011 ന് പുറപ്പെടുവിച്ച ICDS/ബി 3- 6136/11 നം. സർക്കുലറിൽ, അംഗൻവാടികൾക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ നിന്നാണ് വാങ്ങേണ്ടതെന്നും സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെയും ഗുണനിലവാരം തൃപ്തികരമായും ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി/സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർമാർക്കറ്റിൽ നിന്നോ വാങ്ങാൻ പാടുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ, ഈ നിർദ്ദേശങ്ങളൊന്നും മേൽ പ്രോജക്ട് നിർവഹണത്തിൽ പാലിച്ചിട്ടില്ല.

വളാഞ്ചേരി സർവ്വീസ് കോ - ഓപറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ നിന്ന് ഭക്ഷണ സാധനങ്ങൾ വാങ്ങിയതിന്റെയും പണം നൽകിയതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തിയതി | തുക | ഡി.ഡി. നം./തിയതി |
|---|---|---|---|
| 1 | 6/17-03-16 | 7,01,346 | 549638/22-03-16 |
| 2 | കേന്ദ്രവിഹിതം | 2,24,095 | ചെക്ക്നം. 54415/ 16-03-16 |

സപ്ലൈകോ വിലയുമായി താരതമ്യം ചെയ്യുമ്പോൾ, താഴെ പറയുന്ന ഇനങ്ങൾക്ക് വളാഞ്ചേരി സർവ്വീസ് കോ - ഓപറേറ്റീവ് ബാങ്ക് ലിമിറ്റഡ് അധികവില ഈടാക്കിയതായി കാണുന്നു :

| ക്രമ നം. | മാസം | ഇനം | തൂക്കം | ബാങ്കിന്റെ വില | ബാങ്കിന് നൽകിയ തുക | സപ്ലൈകോ വില | തുക | അധികം ഈടാക്കിയത് |
|---|---|---|---|---|---|---|---|---|
| 1 | 12/15 | റാഗി | 4275 | 31 | 132525 | 22.5 | 96188 | 36337 |
| | | ഉഴുന്ന് | 92 | 168 | 15456 | 155 | 14260 | 1196 |
| 2 | 02/16 | ഉഴുന്ന് | 111 | 163 | 18093 | 152 | 16872 | 1221 |
| | | റാഗി | 4275 | 31 | 132525 | 24 | 102600 | 29925 |

68,679

ഈയിനത്തിൽ അനുവദിച്ച അധിക നിരക്ക് 68,679 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധന നടത്തുന്നില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയപ്രോജക്റ്റ് നം. S037/16 പ്രോജക്റ്റിന്റെ ഭാഗമായി 6 മാസം മുതൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിൽ വിതരണം ചെയ്തിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകൾ അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ഗവൺമെന്റ് അംഗീകൃത ഫുഡ് ടെസ്റ്റ് ലാബുകളിൽ ഗുണമേൻമ പരിശോധനക്ക് വിധേയമാക്കാനും ഗുണമേൻമ തൃപ്തികരമല്ല എന്ന റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം പ്രസ്തുത ബാച്ച് ന്യൂട്രിമിക്സിന്റെ വില കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ലെന്നും സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 12.07.2011ലെ ഐ.സി.ഡി.എസ് ബി 3- 6136/11 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ലാബ് ടെസ്റ്റുകൾ നടത്തിയിട്ടില്ല. ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പരിരക്ഷ പദ്ധതി - മാർഗ്ഗ രേഖ പാലിക്കാത്തത്

മെഡിക്കൽ ഓഫീസർ(അലോപതി) നിർവഹണ ഉദ്യോഗസ്ഥനായി നിർവഹണം നടത്തിയ പാലിയെറ്റീവ് പദ്ധതിയുമായിബന്ധപെട്ട് ചുവടചേർത്തിരിക്കുന്ന വിഷയങ്ങളിൽ വിശദീകരണങ്ങൾ അഥവാ രേഖകൾ ഹാജരാക്കേണ്ടതാണ്.

(എ). 29-10-2015 ലെ GO(RT)3217/2016 നമ്പർ ഉത്തരവ് പ്രകാരം പാലിയെറ്റീവ് പരിചരണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൽ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി , പാലിയേറ്റീവ് കെയർനിർവ്വഹണ കമ്മറ്റി എന്നിവ രൂപീകരിക്കാനും , സേവനം ലഭ്യമാക്കേണ്ടവരുടെ വിവരം ചേർത്ത

നോമിനൽ രജിസ്റ്റർ,ഹോം കെയർ സംബന്ധിച്ച് ഫോളോ അപ്പ് രജിസ്റ്റർ, പ്ലാനിംഗ് രജിസ്റ്റർ ,ഹോം കെയർ റിപ്പോർട്ട് എന്നിവ തയ്യാറാക്കാൻ നിർദേശിക്കുന്നുണ്ട് 2015-16 വർഷത്തെ ചെലവുമായി ബന്ധപെട്ട പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റിമിനിറ്റസ് അടക്കമുള്ള യാതൊരു രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.

(ബി).പരിചരണ ആവശ്യത്തിന് വാഹനം എപ്രകാരം ഉപയോഗിക്കാമെന്ന് ടി ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട് എന്നാൽ വളാഞ്ചരി നഗരസഭ എപ്രകാരമാണ് വാഹനം ഉപയോഗപെടുത്തുന്നതെന്ന് വിശദീകരിക്കപെട്ടില്ല

(സി).ഹോസ്പിറ്റലിന് കീഴിലുള്ള വാഹനത്തിന് വിവിധ ദിവസങ്ങളിൽ ഇന്ധനം നിറച്ചിട്ടുണ്ടങ്കിലും വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനഗ്ഗ് ഹാജരാക്കിയില്ല.

(ഡി).മേൽമാർഗ്ഗരേഖ ഖണ്ഡിക 2.6.3 പ്രകാരം ഹോം കെയർ ടീമിന് ഭക്ഷണ ചെലവിനായി മൂന്ന് പേർക്ക് 180 രൂപ പരമാവധി ചെലവാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ദിവസങ്ങളിൽ 400 രൂപ നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്.

| ബിൽ നമ്പർ | 400 രൂപ നിരക്കിൽ അനുവദിച്ച ദിവസങ്ങൾ | ആകെ എത്ര ദിവസത്തേക്ക് ഉയർന്ന നിരക്കിൽ അനുവദിച്ചു | അധിക ചെലവ് |
|---|---|---|---|
| 1/23-3-16 | 2/2/16,3/2,4/2,6/2,10/2,15/2,17/2,26/2,27/2,24/2,<br>1/3, 2/3, 9/3,14/3,16/3,18/3,21/3,23/3,26/3,28/3/29/3,30/3 | 22 | 22x220= 4840 |
| Nil/6-1-16 | 7/10,14/10,16/10,17/10,19/10,21/10,27/10,28/10,<br>30/10,31/10,2/11,3/11,7/11,11/11,13/11,14/11,<br>16/11,18/11,21/11,23/11,25/11,27/11,28/11,30/11 | 24 | 24x220 =5280 |
| Nil/9-3-16 | 1/12,2/12,3/12,7/12,9/12,12/12,14/12,16/12,18/12,21/12,23/12,25/12,1/1,5/1,6/1,7/1,13/1,18/1,21/1,<br>23/1,27/1,30/1 | 22 | 22xx220 =4840 |

ആകെ 14960 രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകാനും രേഖകൾ ഹാജരാക്കാനും ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപെട്ടുവെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. 14960 രൂപ അനുവദിക്കാത്ത ചെലവായി കണക്കാക്കുന്നു.

## 3-12 മരുന്നുകൾ മുഴുവനായും ലഭ്യമാക്കാത്തത്

നഗരസഭക്ക് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് അലോപതി മരുന്നുകൾക്കും, പാലിയേറ്റീവ് , പരിരക്ഷ പദ്ധതികൾക്കുമായിചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ അടവാക്കിയിട്ടുണ്ട് എന്നാൽ മുഴുവൻ തുകക്കുള്ള മരുന്നുകൾ ഓഡിറ്റ് തിയ്യതി വരെയും (15/1/2016) ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി യ ശേഷം വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപെടുത്തേണ്ടതാണ്.

| പ്രൊജക്ട് വിവരം | ബിൽ | ആകെ തുക | സപ്ളെ ചെയ്യാനവശേഷിക്കുന്നത് |
|---|---|---|---|
| പരിരക്ഷ പദ്ധതി | 1/29-3-16 -100000 + തനത്ഫണ്ട് 98998 | 198998 | 1163487 രൂപയുടെ മരുന്നുകൾ ലഭിച്ചു. 35511രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |
| PHCയിലേക്ക് മരുന്ന് വാങ്ങൽ | 3/29-3-16 -273215 | 273215 | 105895രൂപയുടെ മരുന്നുകൾ ലഭിച്ചു.167320രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |
| പെയിൻ& പാലിയേറ്റീവ് | 4/29-3-16-150000 | 150000 | 96352രൂപയുടെ മരുന്നുകൾ ലഭിച്ചു. 53648രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |

ആകെ 25679 രൂപയുടെ മരുന്നുകൾ ലഭിക്കാനായി അവശേഷിക്കുന്നു.2015-16 വർഷത്തേക്ക് വിഭാവനം ചെയ്ത പദ്ധതിക്കായുള്ള മരുന്നുകൾ 2016-17 വർഷത്തിലും ലഭ്യമാവുന്നിലെങ്കിൽപദ്ധതി ലക്ഷ്യം പദ്ധതി രേഖകളിൽ മാത്രം ഒതുങ്ങി നിൽക്കുകയുള്ളുവെന്ന് നഗരസഭയെ ഓർമ്മപെടുത്തുന്നു.

## 3-13 ചെലവഴിക്കാത്ത തുക തിരിച്ചടവാക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 83657 രൂപ 31-3-2016 ൽ ചെലവഴിക്കാനായി അവശേഷിക്കുന്നു.

| വിശദ വിവരം | തുക |
|---|---|
| 1-4-2015 ൽ ചെലവഴിക്കാനായി അവശേഷിക്കുന്ന തുക | 58024 |
| വീട് നിർമ്മാണത്തിനായി നഗരസഭ അനുവദിച്ച തുകയിൽ ബാക്കി | 20000 |
| വീട് പുനരുദ്ധാരണത്തിനായി നഗരസഭ അനുവദിച്ച തുകയിൽ ബാക്കി | 5000 |
| പലിശ | 633 |
| ആകെ | 83657 |

ഓരോ നിർവഹണ ഉദ്യോഗസ്ഥരും ആവശ്യമായ തുക നഗരസഭയിൽ നിന്നും റിക്വിസിഷൻ നൽകിയാണ് വാങ്ങുന്നത്, ആയത് ചെലവഴിച്ചതിന് ശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യണം വി.ഇ.ഒ ഈ രണ്ട് നടപടി ക്രമങ്ങളും പൂർത്തിയാക്കിയതിന് ശേഷം നഗരസഭ അറിയാതെ ഫണ്ട് കൈവശം വച്ചു പോരുന്നത് ഗവ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ഇത് തെറ്റായ കണക്കുകൾ തയ്യാറാക്ക പെടുന്നതിനും , സാമ്പത്തിക തിരിമറിക്കും ഇടയാക്കുമെന്നതിനാൽ ഉടനടി പഞ്ചായത്ത് ഫണ്ടിലേക്കും നീക്കിബാക്കി തുക വികസന ഫണ്ടിലേത് ഉൾപെടുന്നുവെങ്കിൽ സഞ്ചിത നിധിയിലേക്കും തിരിച്ചടവാക്കേണ്ടതാണ്.

## 3-14 ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയില്ല.

സമൂഹത്തിൽ ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന നിരാലംബരും നിരാശ്രയരുമായ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ .വളാഞ്ചേരി നഗരസഭയിൽ 2011-12 -ൽ ആരംഭിച്ച് 2013-14 -ൽ അവസാനിച്ച പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല.പദ്ധതിക്കായി 12131000 രൂപ വകയിരുത്തിയതിൽ 1391502 രൂപ (11.47%) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.ഭക്ഷണം, വീട് ,വീട് റിപ്പയർ എന്നിവക്ക് മാത്രമാണ് തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് ,വിദ്യാഭ്യാസം,സ്വയം തൊഴിൽ,ഭൂമി, പെൻഷൻ ,വസ്ത്രം കക്കൂസ്, കുടിവെള്ളം തുടങ്ങിയവക്ക് പദ്ധതിയിൽ വകയിരുത്തിയെങ്കിലും

തുക ചെലവഴിച്ചിട്ടില്ല.ആശ്രയ അക്കൗണ്ടിൽ 1.8.16 -ൽ 824236 രൂപ അവശേഷിക്കുന്നുണ്ട്.പദ്ധതിക്ക് നാളിതുവരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു,

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ധനസഹായം ലഭ്യമായത് | വകയിരുത്തിയത് | ചെലവ് |
|---|---|---|---|---|
| വീട് വയ്ക്കാൻ സ്ഥലം | 12 | - | 1020000 | - |
| വീട് | 35 | 3 | 4375000 | 500000 |
| വീട് റിപ്പയർ | 44 | 2 | 66000 | 50000 |
| കക്കൂസ് | 18 | - | 63000 | - |
| കുടിവെള്ളം | 64 | - | 640000 | - |
| വൈദ്യുതി | 18 | - | - | - |

നിലവിൽ പദ്ധതിക്ക് വേണ്ടി രണ്ടാംഘട്ടസർവ്വേ ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB, വളാഞ്ചേരി | അംബേദ്കർ കോളനി റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 91/13-01-16 | 7045 | - | 7045 |
| KSEB, വളാഞ്ചേരി | കരിങ്കല്ലത്താണി വടക്കുംമുറി ലിങ്ക് റോഡ് ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 61/6-02-16 | 5280 | - | 5280 |
| KWA യിൽ ഡെപ്പോസിറ്റ് | KWA പൈപ്പ് ലൈൻ നീട്ടൽ S004/16 | 269/31-03-16 | 20,00,000 | - | 20,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 62500 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 62500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 62500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മാൽകോ ടെകിലുള്ള ഷെയർ | 62500 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11,698 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | ലഭ്യമല്ല | 11698 | ശ്രീ. പി.പി.വേലായുധൻ | 11502107830 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 51 | 01-02 | V 10 - 2-(1) | മരാമത്ത്-അധിക ചെലവ് | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80790857 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58479475 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,82,292 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,27,323 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 49,43,105 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,19,458 | | ശ്രീ. പി.ബി. സുഭാഷ്, സെക്രട്ടറി |
| 2-2 | 124084 | | |
| 2-6 | 28750 | | |
| 2-7 | 10,000 | | |
| 3-1 | | 39,884 | ശ്രീ. സുധീഷ് ബാബു, അസി. സെക്രട്ടറി |
| 3-6 | | 3,800 | ശ്രീ. പി.ബി. സുഭാഷ്, സെക്രട്ടറി |
| 3-9 | | 68,679 | 37,533 - ശ്രീമതി ബിന്ദു. എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ 31,146 - ശ്രീമതി ഗിരിജ പിള്ളക്കാട്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-11 | | 14,960 | ഡോ. ബിനോദ് എം.ബി, മെഡിക്കൽ ഓഫീസർ |
| ആകെ | 3,82,292 | 1,27,323 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 3,30,703 | ശ്രീ. ഷബീർ. കെ, അസി.എഞ്ചിനീയർ |
| 3-5 | 7,00,000 | ശ്രീ. പി.ബി. സുഭാഷ്, സെക്രട്ടറി |
| 3-7 | 39,12,402 | |
| ആകെ | 49,43,105 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|
| 4(8) | 9999 | ശ്രീ.ഷബീർ.കെ., അസിസ്റ്റന്റ് | വാറ്റിനത്തിൽസംസ്ഥാന സർക്കാരിനുണ്ടായനഷ്ടം |

| | | | |
|---|---|---|---|
| | | എഞ്ചിനീയർ | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി.ബി. സുഭാഷ്, സെക്രട്ടറി | | പെരുമ്പറമ്പിൽ , ചെറുവഞ്ചേരി, ചൊറ്റൂർ പി.ഒ, തൃശ്ശൂർ ജില്ല |
| ശ്രീ. സുധീഷ് ബാബു, അസി. സെക്രട്ടറി | | കളീക്കൽ കിഴക്കേത്ത്, പട്ടാഴി, കൊല്ലം ജില്ല |
| ശ്രീമതി ബിന്ദു. എം,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | കുന്നംപുറത്ത്, പേറൂർപി.ഒ, വാണിയമ്പലം, മലപ്പുറം ജില്ല |
| ശ്രീമതി ഗിരിജ പിള്ളക്കാട്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ചേലക്കര ഹൗസ്, വെള്ളില പി.ഒ, മങ്കട, മലപ്പുറം ജില്ല |
| ഡോ. ബിനോദ് എം.ബി, മെഡിക്കൽ ഓഫീസർ | | മേപ്പുള്ളി ഹൗസ്,നായരങ്ങാടി പി.ഒ, കോടശ്ശേരി, തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1994-95,95-96 | LFM11/78/98/28-2-03 | 9 |
| 96-97 | LFM11/378/03/28-2-03 | 1 |
| 97-98 | LFM11/414/01/28-2-03 | 1 |
| 98-99 | LFM11/1764/01/28-2-03 | 22 |
| 99-00 | LFM11/118/02/28-2-03 | 13 |
| 00-01 | LFM11/1222/01/16-11-02 | 7 |
| 01-02 | LFM11/935/03/6-8-04 | 15 |
| 02-03 | LFM12/1286/04/25-4-05 | 5 |
| 03-04 | LFM9/1422/07/15-2-06 | 12 |
| 04 -05 | LFM9/297/8-2-07 | 8 |
| 05-06 | LFM9/298/07/8-2-07 | 10 |
| 06-07 | LFM9/444/09/7-5-10 | 10 |
| 07-08 | LFM13/2088/10/ | 9 |
| 08-09 | LFM13/2089/10 | 13 |
| 07-08 | LFM13/2446/11/26-12-11(FR) | 8 |
| 08-09 | LFM13/2447/11 26-12-11(FR) | 7 |
| 09-10,10-11 | LFM13/785/13/25-5-13/12-6-13 | 22 |
| 11-12, 12-13 | LFM13/ 856/ 15 21-5-15 | 15 |
| 13-14, 14-15 | LFM13/ 1514/2015 dated 01-08-2015 | 23 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.എം.പി.എം25/241/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ - 676 505, ഫോൺ : 0483 2734951
ഇ- മെയിൽ: dompm.ksad@kerala.gov.in
തിയ്യതി : 07-02-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയുടെ 31.03.2016 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വളാഞ്ചേരി നഗരസഭയുടെ 2015-16 വർഷത്തെ നകാര്യ സ്റ്റേറ്റ്മെന്റ് വരവ് – ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
മലപ്പുറം.

പകർപ്പ്

1. സെക്രട്ടറി, വളാഞ്ചേരി നഗരസഭ.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ.
4. കാര്യാലയ പ്രതി.

# AUDIT CERTIFICATE

No. KSAMPM.25/241/2017

Kerala State Audit Department.
District Audit Office, Malappuram
PIN - 676 505, Phone: 0483 2734951
e - mail. dompm.ksad@kerala.gov.in
Dated. 07-02-2017

Certified that I have examined the Annual Financial Statement of Valanchery Municipality for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Valanchery Municipality for the year 2015-16 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

SENIOR DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
MALAPPURAM.

To

1. The Director, Kerala State Audit Department, Thiruvananthapuram.
2. The Secretary, Valanchery Municipality
3. The Regional Joint Director of Urban Affairs.
4. Office Copy.
5. Spare.

mac